## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1110.

30.10.2019 ൽ മറുപടിയ്ക്ക്

### സംസ്ഥാന ടോഡി ബോർഡ് രൂപീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.പി.അനിൽ കുമാർ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ടോഡി ബോർഡ് രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | ടോഡി ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട തൊഴിലാളി സംഘടനാ നേതാക്കളുടേയും, ലൈസൻസി സംഘടനാ നേതാക്കളുടേയും ഒരു യോഗം വിളിച്ച് ചേർക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിന്റെ കരട് തയ്യാറാക്കുന്ന നടപടി പ്രക്രിയകൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത ബോർഡിൽ നിക്ഷിപ്തമാക്കുന്ന പ്രധാന ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | **ബോർഡിന്റെ ചുമതലകൾ**<br>1. കള്ള് മേഖലയെ സംഘടിപ്പിക്കുകയും വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും, ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണവും.<br>2. ഉപഭോക്താക്കൾക്ക് ശുദ്ധമായ കള്ള് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക.<br>3. കള്ള് ഉൽപ്പാദനം കൂടുതൽ ഉള്ള സ്ഥലങ്ങളിൽ നിന്നും സംഭരിച്ച് ആവശ്യമുള്ള മറ്റ് സ്ഥലങ്ങളിൽ എത്തിക്കുക.<br>4. കള്ളിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭങ്ങൾ ആരംഭിക്കുക.<br>5. സീസൺ സമയത്ത് അധികം ഉൽപ്പാദിപ്പിക്കുന്ന കള്ള് കേട്ടുകൂടാതെ സൂക്ഷിക്കുവാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക.<br>6. കള്ള് ഉൽപ്പാദനത്തിന് ഉതകുന്ന അത്യുൽപ്പാദന ശേഷിയുള്ള വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുക.<br>7. കള്ള് ഷാപ്പുകൾ നടത്താൻ സ്ഥിരം കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുക.<br>8. ആവശ്യാനുസരണം കള്ള്ഷാപ്പുകൾ ഏറ്റെടുത്ത് നടത്തുക.<br>9. വിനോദസഞ്ചാര മേഖലകളിൽ ആധുനിക രീതിയിലുള്ള ടോഡി പാർലറുകൾ ആരംഭിക്കുക. |

| | | | |
|---|---|---|---|
| | | | 10. തൊഴിലാളികൾക്കും പുതിയതായി ഈ മേഖലയിൽ വരുന്നവർക്കും ആവശ്യമായ പരിശീലനം നൽകുക.<br>11. കള്ള്ചെത്ത് വ്യവസായം സംബന്ധിച്ച് സ്ഥിതി വിവര കണക്കുകൾ സൂക്ഷിക്കുക.<br>12. കർഷകർക്കും, തൊഴിലാളികൾക്കും ഉപകരിക്കുന്ന തരത്തിലുള്ള വിജ്ഞാന കേന്ദ്രങ്ങൾ ആരംഭിക്കുക, ആനുകാലികങ്ങൾ പ്രസിദ്ധീകരിക്കുക.<br>13. ഈ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുക.<br>14. സംസ്ഥാനത്ത് അനധികൃതമായി കള്ള് ചെത്തുകയോ സംഭരിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്നുണ്ടെങ്കിൽ ആയത് തടയുന്നതിന് യുക്തമായ എല്ലാ നടപടികളും സ്വീകരിക്കുക.<br>15. കള്ള്ചെത്ത് ഏതു വ്യവസ്ഥകളിൽപ്പെട്ടതായാലും അത് ബോർഡിന്റെ പരിപൂർണ്ണമായ ചുമതലയിൽ വ്യവസ്ഥാപിതമാണ് എന്ന് ഉറപ്പുവരുത്തുക. |
| (സി) | ഈ ബോർഡിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | 1. സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ്.<br>2. കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള സഹായം/വായ്പ.<br>3. മറ്റ് തരത്തിൽ സമാഹരിക്കുന്ന വികസന ഫണ്ട്. |

സെക്ഷൻ ഓഫീസർ